**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1692**

**04-12-2015 ൽ മറുപടിയ്ക്ക്**

**കർഷകർക്ക് അധികരിച്ച നിരക്ക് ലഭ്യമാക്കൽ**

**ചോദ്യം**

ശ്രീ.തോമസ് ചാണ്ടി

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | നെല്ലിന്റെ വില 19 രൂപയിൽനിന്നും 21.50 ആയി വർദ്ധിപ്പിച്ച് പ്രഖ്യാപിച്ചിട്ടും നാളിതുവരെയായി കർഷകർക്ക് അധികരിച്ച നിരക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത നിരക്ക് എന്ന് മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും കർഷകർക്ക് അനുവദിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 19 രൂപയിൽനിന്നും 21.50 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവ് 2015 ഒക്ടോബർ മുതൽ സംഭരിച്ച നെല്ലിനും ബാധകമായിരിക്കും. |
| (സി) | സർക്കാർ പ്രഖ്യാപിച്ച പമ്പിംഗ് സബ്സിഡി നാളിതുവരെ കർഷകർക്ക് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 04/05/2015 ലെ സ.ഉ.(എം.എസ്.) 82/15/കൃഷി നമ്പർ ഉത്തരവ് പ്രകാരം 17/08/2014 മുതൽ 04/05/2015 വരെ കൃഷിക്ക് പരമാവധി, ഏക്കറിന് 1200/- രൂപ നിരക്കിൽ പമ്പിങ്ങ് സബ്സിഡി നൽകുവാനും തുടർന്ന് പൂർണ്ണമായും പമ്പിങ്ങ് സബ്സിഡി നൽകുന്നതിനുമാണ് ഉത്തരവായിട്ടുള്ളത്. 17/08/2014 മുതലുള്ള കൃഷികളുടെ വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2401-00-800-29-3 (എൻ.പി.) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ് എന്നാണ് ഗവൺമെന്റ് ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ടി ശീർഷകത്തിൽ |

| | | | |
|---|---|---|---|
| | | | സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭ്യമായിട്ടില്ല. 17/08/2014 പുഞ്ചകൃഷിക്ക് മുൻപുള്ള കൃഷിയുടെ സബ്സിഡി അനുവദിച്ചുവന്നിരുന്ന 2702-01-88-800-33 എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുള്ള 60,00,000/- രൂപയിൽ 3020080 രൂപ നാളിതുവരെ 1189 രണ്ടാം കൃഷി വരെയുള്ള പമ്പിങ്ങ് സബ്സിഡി - വിതരണം ചെയ്യുന്നതിനുപയോഗപ്പെടുത്തി യിട്ടുള്ളതാണ്. പമ്പിങ്ങ് സബ്സിഡി അനുവദിക്കുന്ന ശീർഷകത്തെ സംബന്ധിച്ച് വ്യക്തത ആയതിനു ശേഷം ഫണ്ട് ലഭ്യമായാൽ ഉടൻ തന്നെ വർദ്ധിപ്പിച്ച സബ്സിഡി വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ